STATE COUNCIL FOR OPEN AND LIFELONG EDUCATION - KERALA [SCOLE-Kerala]
[Formerly Kerala State Open School (KSOS)]
Vidyabhavan, Poojappura, Thiruvananthapuram -695012
Phone: 0471 2348581, 2342950, 2342271, 2342369 Fax: 0471 2344841, email : ksos8581@gmail.com

നം: എ4/1545/2024/സ്കോൾ-കേരള

തീയതി: 15.07.2024

**പത്രക്കുറിപ്പ്**

## സ്കോൾ-കേരള; പ്ലസ് വൺ പ്രവേശനം പുനരാരംഭിച്ചു

താൽക്കാലികമായി നിർത്തി വച്ചിരുന്ന സ്കോൾ-കേരള മുഖേനെയുള്ള ഹയർ സെക്കണ്ടറി 2024-26 ബാച്ചിലേക്ക് ഓപ്പൺ റെഗുലർ, പ്രൈവറ്റ് രജിസ്ട്രേഷൻ, സ്പെഷ്യൽ കാറ്റഗറി (പാർട്ട് III) എന്നീ വിഭാഗങ്ങളിലേക്കുള്ള ഒന്നാം വർഷ പ്രവേശനം **15.07.2024** മുതൽ പുനരാരംഭിച്ചു. പിഴ കൂടാതെ **31.07.2024** വരെയും, 60/- രൂപ പിഴയോടെ **16.08.2024** വരെയും ഫീസടച്ച്, **www.scolekerala.org** എന്ന വെബ്സൈറ്റ് മുഖേനെ ഓൺലൈനായി രജിസ്റ്റർ ചെയ്യാം. ഫീസ് വിവരങ്ങൾക്കും, രജിസ്ട്രേഷനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്കും പ്രോസ്പെക്ടസിനും സ്കോൾ-കേരളയുടെ വെബ്സൈറ്റ് സന്ദർശിക്കുക.

ഓൺലൈൻ രജിസ്ട്രേഷൻ പൂർത്തിയാക്കി രണ്ട് ദിവസത്തിനകം നിർദ്ദിഷ്ട രേഖകൾ സഹിതമുള്ള അപേക്ഷ അതത് ജില്ലാകേന്ദ്രങ്ങളിൽ നേരിട്ടോ, സ്പീഡ്/രജിസ്റ്റേർഡ് തപാൽ മാർഗ്ഗമോ അയച്ചു കൊടുക്കേണ്ടതാണ്. ജില്ലാകേന്ദ്രങ്ങളുടെ മേൽ വിലാസം സ്കോൾ-കേരള വെബ്സൈറ്റിൽ ലഭ്യമാണ്. സംസ്ഥാന ഓഫീസിൽ അപേക്ഷകൾ സ്വീകരിക്കുന്നതല്ല. അന്വേഷണങ്ങൾക്ക് **0471-2342950, 2342271, 2342369** എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

STATE COUNCIL FOR OPEN AND LIFELONG EDUCATION · KERALA
Vidhya Bhavan
Poojappura
Thiruvananthapuram
695012
SCOLE-KERALA

എക്സിക്യൂട്ടീവ് ഡയറക്ടർ
ഇൻ-ചാർജ്ജ്

C1/E/Hm4/Letters/Press/27

# സ്റ്റേറ്റ് കൗൺസിൽ ഫോർ ഓപ്പൺ ആന്റ് ലൈഫ്‌ലോങ് എഡ്യൂക്കേഷൻ-കേരള (സ്കോൾ-കേരള)

വിദ്യാഭവൻ, പൂജപ്പുര പി.ഒ., തിരുവനന്തപുരം – 695012

website: www.scolekerala.org email: scolekerala@gmail.com

Ph: 0471 - 2342950, 2342271, 2342369


നമ്പർ: എ4/1545/2024/സ്കോൾ-കേരള

തീയതി: 15.07.2024

## സ്കോൾ-കേരള - ഹയർസെക്കൻഡറി കോഴ്സുകളുടെ 2024-26 ബാച്ച് പ്രവേശന വിജ്ഞാപനം

സ്കോൾ-കേരള മുഖേന നടത്തുന്ന ഹയർസെക്കൻഡറി ഓപ്പൺ റെഗുലർ, പ്രൈവറ്റ്, സ്പെഷ്യൽ കാറ്റഗറി (പാർട്ട് -III) കോഴ്സുകളുടെ 2024-26 ബാച്ചിലേക്കുള്ള ഒന്നാം വർഷ പ്രവേശനം ആരംഭിച്ചു. അപേക്ഷകർ www.scolekerala.org എന്ന വെബ്സൈറ്റ് മുഖേന 15.07.2024 മുതൽ ഫീസ് അടച്ച് ഓൺലൈനായി രജിസ്റ്റർ ചെയ്യാവുന്നതാണ്. കോഴ്സ് ഫീസ് ഓൺലൈൻ മോഡിലും (ഇന്റർനെറ്റ് ബാങ്കിംഗ്, ഡെബിറ്റ്/ക്രഡിറ്റ് കാർഡ്, യു.പി.ഐ.) ഓഫ് ലൈൻ മോഡിലും (പോസ്റ്റ് ഓഫീസ് മുഖേന) അടയ്ക്കാവുന്നതാണ്. കോഴ്സ് വിവരങ്ങളും, ഫീസ് ഘടനയും, ഓൺലൈൻ രജിസ്ട്രേഷനുള്ള മാർഗ്ഗ നിർദ്ദേശങ്ങളും ചുവടെ ചേർക്കുന്നു.

## ഓപ്പൺ റെഗുലർ കോഴ്സ്

### പഠന വിഷയങ്ങൾ

പാർട്ട് I ഇംഗ്ലീഷ് (നിർബന്ധം), പാർട്ട് II രണ്ടാം ഭാഷ (മലയാളം, ഹിന്ദി, സംസ്കൃതം, അറബിക്, ഉറുദു, തമിഴ്, കന്നട, ഫ്രഞ്ച്, ലാറ്റിൻ, സിറിയക്ക്, ജർമ്മൻ, റഷ്യൻ ഇവയിൽ ഏതെങ്കിലും ഒന്ന് തെരഞ്ഞെടുക്കാവുന്നതാണ്)

പാർട്ട് III ഐച്ഛിക വിഷയങ്ങൾ സയൻസ് ഗ്രൂപ്പ്

| കോഡ് | ഐച്ഛിക വിഷയങ്ങൾ |
|---|---|
| 01 - | ഫിസിക്സ്, കെമിസ്ട്രി, മാത്തമാറ്റിക്സ്, ബയോളജി |
| 05 - | ഫിസിക്സ്, കെമിസ്ട്രി, മാത്തമാറ്റിക്സ്, കമ്പ്യൂട്ടർ സയൻസ് |
| 09 - | ഫിസിക്സ്, കെമിസ്ട്രി, ബയോളജി, സൈക്കോളജി |

ഹ്യൂമാനിറ്റീസ് ഗ്രൂപ്പ്

| കോഡ് | ഐച്ഛിക വിഷയങ്ങൾ |
|---|---|
| 10 - | ഹിസ്റ്ററി, ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ്, ജോഗ്രഫി |
| 11 - | ഹിസ്റ്ററി, ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ്, സോഷ്യോളജി |
| 16 - | ഹിസ്റ്ററി, ഇക്കണോമിക്സ്, പൊളിറ്റിക്കൽസയൻസ്, സോഷ്യൽ വർക്ക് |
| 30 - | ഹിസ്റ്ററി, ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ്, സ്റ്റാറ്റിസ്റ്റിക്സ് |

കൊമേഴ്സ് ഗ്രൂപ്പ്

| കോഡ് | ഐച്ഛിക വിഷയങ്ങൾ |
|---|---|
| 36 - | ബിസിനസ്സ് സ്റ്റഡീസ്, അക്കൗണ്ടൻസി, ഇക്കണോമിക്സ്, മാത്തമാറ്റിക്സ് |
| 37 - | ബിസിനസ്സ് സ്റ്റഡീസ്, അക്കൗണ്ടൻസി, ഇക്കണോമിക്സ്, സ്റ്റാറ്റിസ്റ്റിക്സ് |
| 38 - | ബിസിനസ്സ് സ്റ്റഡീസ്, അക്കൗണ്ടൻസി, ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ് |
| 39 - | ബിസിനസ്സ് സ്റ്റഡീസ്, അക്കൗണ്ടൻസി, ഇക്കണോമിക്സ്, കമ്പ്യൂട്ടർ ആപ്ലിക്കേഷൻ |

### കോഴ്സ് ഫീസ്

ഓപ്പൺ റെഗുലർ വിദ്യാർത്ഥികൾക്ക് കോഴ്സ് ഫീസ് ഒറ്റ തവണയായോ രണ്ടു തവണകളായോ ഒടുക്കുവാനുള്ള അവസരം ലഭ്യമാണ്.

### ഫീസ് ഘടന

| സബ്ജക്ട് കോഡ് | സബ്ജക്ട് കോമ്പിനേഷൻ | ഒന്നാം തവണ | | | രണ്ടാം തവണ | ആകെ |
|---|---|---|---|---|---|---|
| | | ഫീസ് | കോഷൻ ഡിപ്പോസിറ്റ് | ആകെ | | |
| | സയൻസ് | | | | | |
| 01 | ബയോളജി | 2450 | 500 | 2950 | 900 | 3850 |
| 05 | കമ്പ്യൂട്ടർ സയൻസ് | 2550 | 600 | 3150 | 900 | 4050 |
| 09 | സൈക്കോളജി | 2450 | 500 | 2950 | 900 | 3850 |
| | ഹ്യൂമാനിറ്റീസ് | | | | | |
| 10 | ജ്യോഗ്രഫി | 1800 | 100 | 1900 | 900 | 2800 |
| 11 | സോഷ്യോളജി | 1200 | Nil | 1200 | 900 | 2100 |
| 16 | സോഷ്യൽ വർക്ക് | 1200 | Nil | 1200 | 900 | 2100 |
| 30 | സ്റ്റാറ്റിസ്റ്റിക്സ് | 1200 | Nil | 1200 | 900 | 2100 |
| | കോമേഴ്സ് | | | | | |
| 36 | മാത്തമാറ്റിക്സ് | 1200 | 200 | 1400 | 900 | 2300 |
| 37 | സ്റ്റാറ്റിസ്റ്റിക്സ് | 1200 | Nil | 1200 | 900 | 2100 |
| 38 | പൊളിറ്റിക്കൽ സയൻസ് | 1200 | Nil | 1200 | 900 | 2100 |
| 39 | കമ്പ്യൂട്ടർ ആപ്ലിക്കേഷൻ | 1800 | 100 | 1900 | 900 | 2800 |

## പ്രൈവറ്റ് രജിസ്ട്രേഷൻ

### പഠന വിഷയങ്ങൾ

പാർട്ട് I ഇംഗ്ലീഷ് (നിർബന്ധം), പാർട്ട് II രണ്ടാം ഭാഷ(മലയാളം, ഹിന്ദി, സംസ്കൃതം, അറബിക്, ഉറുദു, തമിഴ്, കന്നട, ഫ്രഞ്ച്, ലാറ്റിൻ, സിറിയക്ക്, ജർമ്മൻ, റഷ്യൻ ഇവയിൽ ഏതെങ്കിലും ഒന്ന് തെരഞ്ഞെടുക്കാവുന്നതാണ്)

പാർട്ട് III ഐച്ഛിക വിഷയങ്ങൾ

ഹ്യൂമാനിറ്റീസ് ഗ്രൂപ്പ്

| കോഡ് | ഐച്ഛിക വിഷയങ്ങൾ |
|---|---|
| 11 - | ഹിസ്റ്ററി, ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ്, സോഷ്യോളജി |
| 15 - | ഹിസ്റ്ററി, ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ്, ഫിലോസഫി |
| 18 - | ഇസ്ലാമിക്ഹിസ്റ്ററി&കൾച്ചർ, ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ്, സോഷ്യോളജി |
| 28 - | ഹിസ്റ്ററി, ഇക്കണോമിക്സ്, സംസ്കൃതം(സാഹിത്യം), സംസ്കൃതം(ശാസ്ത്രം) |
| 46 - | ഹിസ്റ്ററി, ഇക്കണോമിക്സ്, സോഷ്യോളജി, അറബിക് |

കൊമേഴ്സ് ഗ്രൂപ്പ്

| കോഡ് | ഐച്ഛിക വിഷയങ്ങൾ |
|---|---|
| 38 - | ബിസിനസ്സ് സ്റ്റഡീസ്, അക്കൗണ്ടൻസി(A.F.S.), ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ് |

രണ്ട് വർഷത്തേക്ക് ആകെ രജിസ്ട്രേഷൻ ഫീസ് 560/- രൂപ ഒരുമിച്ച് ഒടുക്കേണ്ടതാണ്.

പ്രൈവറ്റ് രജിസ്ട്രേഷൻ വിദ്യാർത്ഥികൾക്ക് നിരന്തരവും സമഗ്രവുമായ മൂല്യനിർണയത്തിന്റെ മാർഗനിർദ്ദേശങ്ങൾ നൽകുന്നതിനായി അനുവദിക്കുന്ന പരീക്ഷാകേന്ദ്രത്തിൽ വച്ച് രണ്ടു ദിവസത്തെ ഓറിയന്റേഷൻ ക്ലാസ്സുകൾ നൽകും.

### പ്രവേശന യോഗ്യത

- എസ്.എസ്.എൽ.സി (കേരള സിലബസ്), സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ, ടി.എച്ച്.എസ്.എൽ.സി, മറ്റ് സ്റ്റേറ്റ് ബോർഡ് തുടങ്ങിയവയിൽ വിജയം/ ഉപരിപഠന യോഗ്യത, അല്ലെങ്കിൽ എസ്.എസ്.എൽ.സി ക്ക് തത്തുല്യമായി സർക്കാർ അംഗീകരിച്ച ഉപരിപഠന യോഗ്യത സർട്ടിഫിക്കറ്റ്.

*NIOS, മറ്റ് സംസ്ഥാനങ്ങളിൽ നിന്ന്, രാജ്യങ്ങളിൽ നിന്ന് എസ്.എസ്.എൽ.സി. ക്ക് തത്തുല്യ യോഗ്യത നേടിയവർ സ്റ്റേറ്റ് ബോർഡ് ഓഫ് പബ്ലിക് എക്സാമിനേഷൻ കേരള അനുവദിക്കുന്ന ഇക്വലൻസി സർട്ടിഫിക്കറ്റ് ഹാജരാക്കണം.*

### സവിശേഷതകൾ

- ഓരോ ജില്ലയിലും തെരഞ്ഞെടുക്കപ്പെട്ട ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളുകളിൽ അവധി ദിവസങ്ങളിൽ സമ്പർക്ക ക്ലാസ് ലഭ്യമാണ്.(ഓപ്പൺ റെഗുലർ കോഴ്സ്)
- ഒന്നും രണ്ടും വർഷങ്ങളിൽ ഓരോ വിഷയത്തിനും 30 മണിക്കൂർ വീതം സമ്പർക്ക ക്ലാസുകൾ നൽകുന്നു. കൂടാതെ പ്രാക്ടിക്കൽ വിഷയങ്ങൾക്ക് രണ്ടാം വർഷം 20 മണിക്കൂർ പ്രാക്ടിക്കൽ ക്ലാസും ലഭ്യമാണ്. (ഓപ്പൺ റെഗുലർ കോഴ്സ്)
- വിദ്യാർത്ഥികൾക്ക് സ്വയം പഠിക്കാൻ സഹായകമായ രീതിയിലുള്ള സ്വയം പഠന സഹായികൾ ലഭ്യമാണ്. (ഓപ്പൺ റെഗുലർ കോഴ്സ്)
- അപേക്ഷകർക്ക് ഉയർന്ന പ്രായപരിധി ഇല്ല
- സ്കോൾ-കേരള മുഖേന പ്രവേശനം നേടുന്ന വിദ്യാർത്ഥികൾക്കും റെഗുലർ സ്കൂൾ വിദ്യാർത്ഥികൾക്കും സംസ്ഥാനത്ത് ഒറ്റ പൊതുപരീക്ഷയാണുള്ളത്. അപ്രകാരം നിർദ്ദിഷ്ട യോഗ്യത നേടുന്നവർക്ക് മെഡിക്കൽ/എഞ്ചിനീയറിംഗ് അനുബന്ധ പ്രവേശനത്തിന് അഖിലേന്ത്യാ തലത്തിലും, സംസ്ഥാന തലത്തിലും നടത്തുന്ന മത്സര പരീക്ഷകൾ എഴുതാവുന്നതാണ്.

# ഹയർ സെക്കൻഡറി
## സ്പെഷ്യൽ കാറ്റഗറി (പാർട്ട് III )

04.02.2009-ലെ, സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്)നം.15/2009/പൊ.വി.വ. ഉത്തരവ് പ്രകാരം ഹയർ സെക്കൻഡറി കോഴ്സ് ഒരിക്കൽ വിജയിച്ച വിദ്യാർഥികൾക്ക് മുൻ രജിസ്ട്രേഷൻ റദ്ദ് ചെയ്യാതെ സ്കോൾ-കേരള മുഖേനെ ഓപ്പൺ റെഗുലർ വിഭാഗത്തിൽ പുതിയൊരു സബ്ജക്റ്റ് കോമ്പിനേഷൻ (പാർട്ട് -III) തെരഞ്ഞെടുത്ത് പഠിക്കുവാൻ സാധിക്കും. ഇപ്രകാരം പുതുതായി തെരഞ്ഞെടുക്കുന്ന സബ്ജക്റ്റ് കോമ്പിനേഷനിൽ മുമ്പ് വിജയിച്ചിട്ടുള്ള വിഷയങ്ങളുടെ പരീക്ഷ വീണ്ടും എഴുതേണ്ടതില്ല. എന്നാൽ പുതിയ കോമ്പിനേഷനിൽ പഠിതാവ് രണ്ടു വർഷവും പഠിക്കേണ്ടതുണ്ട്. 2017 അധ്യയന വർഷം മുതൽ നടത്തിയ ഏതെങ്കിലും രണ്ടാംവർഷ ഹയർസെക്കൻഡറി പരീക്ഷയിൽ എല്ലാ വിഷയങ്ങളും വിജയിച്ച വിദ്യാർഥികൾക്കാണ് സ്പെഷ്യൽ കാറ്റഗറി പ്രവേശനം അനുവദിക്കുന്നത്.

### ഫീസ് ഘടന

| ക്രമ നമ്പർ | സബ്ജക്ട് കോഡ് | പാഠ്യവിഷയങ്ങൾ | നിജപ്പെടുത്തിയ ഫീസ് |
|---|---|---|---|
| | | **സയൻസ് ഗ്രൂപ്പ്** | |
| 1 | 01 | ഫിസിക്സ്, കെമിസ്ട്രി, മാത്തമാറ്റിക്സ്, ബയോളജി | ഒരു വിഷയത്തിന് 750/- രൂപ ക്രമത്തിൽ |
| 2 | 05 | ഫിസിക്സ്, കെമിസ്ട്രി, മാത്തമാറ്റിക്സ്, കമ്പ്യൂട്ടർ സയൻസ് | ഒരു വിഷയത്തിന് 1000/-രൂപ ക്രമത്തിൽ |
| 3 | 09 | ഫിസിക്സ്, കെമിസ്ട്രി, ബയോളജി, സൈക്കോളജി | ഒരു വിഷയത്തിന് 600/- രൂപ ക്രമത്തിൽ |
| | | **ഹ്യുമാനിറ്റീസ് ഗ്രൂപ്പ്** | |
| 4 | 10 | ഹിസ്റ്ററി, ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ്, ജ്യോഗ്രഫി | ഒരു വിഷയത്തിന് 800/- രൂപ ക്രമത്തിൽ |
| 5 | 11 | ഹിസ്റ്ററി, ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ്, സോഷ്യോളജി | ഒരു വിഷയത്തിന് 300/- രൂപ ക്രമത്തിൽ |
| 6 | 16 | ഹിസ്റ്ററി, ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ്, സോഷ്യൽ വർക്ക് | ഒരു വിഷയത്തിന് 300/- രൂപ ക്രമത്തിൽ |
| 7 | 30 | ഹിസ്റ്ററി, ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ്, സ്റ്റാറ്റിസ്റ്റിക്സ് | ഒരു വിഷയത്തിന് 300/- രൂപ ക്രമത്തിൽ |
| | | **കോമേഴ്സ് ഗ്രൂപ്പ്** | |
| 8 | 36 | ബിസിനസ് സ്റ്റഡീസ്, അക്കൗണ്ടൻസി, ഇക്കണോമിക്സ്, മാത്തമാറ്റിക്സ് | ഒരു വിഷയത്തിന് 300/- രൂപ ക്രമത്തിൽ |
| 9 | 37 | ബിസിനസ് സ്റ്റഡീസ്, അക്കൗണ്ടൻസി, ഇക്കണോമിക്സ്, സ്റ്റാറ്റിസ്റ്റിക്സ് | ഒരു വിഷയത്തിന് 300/- രൂപ ക്രമത്തിൽ |
| 10 | 38 | ബിസിനസ് സ്റ്റഡീസ്, അക്കൗണ്ടൻസി, ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ് | ഒരു വിഷയത്തിന് 300/- രൂപ ക്രമത്തിൽ |
| 11 | 39 | ബിസിനസ് സ്റ്റഡീസ്, അക്കൗണ്ടൻസി, ഇക്കണോമിക്സ്, കമ്പ്യൂട്ടർ ആപ്ലിക്കേഷൻ | ഒരു വിഷയത്തിന് 800/- രൂപ ക്രമത്തിൽ |

അതത് കോമ്പിനേഷനുകൾക്ക് ഏർപ്പെടുത്തിയിട്ടുള്ള കോഷൻ ഡെപ്പോസിറ്റ് തുക, തപാൽ ചാർജ് എന്നിവ മേൽ ചേർത്ത ഫീസിനോടൊപ്പം ചേർത്ത് ആകെ ഫീസ് ഒടുക്കേണ്ടതാണ്. കോഷൻ ഡെപ്പോസിറ്റ് 01-500, 05-500, 09-500, 10- 100, 36-200, 39-100 എല്ലാ കോമ്പിനേഷനുകൾക്കും തപാൽ ചാർജ് 200/- രൂപ വീതവും

## [illegible]

- സ്കോൾ-കേരള മുഖാന്തിരം ഹയർ സെക്കണ്ടറി ഓപ്പൺ റെഗുലർ, പ്രൈവറ്റ്, സ്പെഷ്യൽ കാറ്റഗറി (പാർട്ട് III) വിഭാഗങ്ങളിൽ തെരഞ്ഞെടുത്ത സബ്ജക്റ്റ് കോമ്പിനേഷനുകൾക്ക് അപേക്ഷിക്കാം. ലക്ഷദ്വീപ് മേഖലയിൽ ഓപ്പൺ റെഗുലർ കോഴ്സിന് പഠന കേന്ദ്രങ്ങൾ നിലവിലില്ല. അതിനാൽ ഈ മേഖലയിലെ വിദ്യാർഥികൾ പ്രൈവറ്റ് രജിസ്ട്രേഷൻ വിഭാഗത്തിൽ മാത്രം അപേക്ഷിക്കേണ്ടതാണ്.
- ഈ വർഷം സംസ്ഥാനത്ത് നിന്ന് എസ്.എസ്.എൽ.സി.യിൽ ഉപരിപഠന യോഗ്യത നേടിയവർ ഉൾപ്പെടെ 2009 മാർച്ച് മുതൽ ആദ്യ ചാൻസിൽ ഉപരിപഠന യോഗ്യത നേടിയവർ SSLC 2009 Onwards എന്ന ലിങ്കിലൂടെയും, മറ്റ് വിദ്യാർഥികൾ (CBSE, ICSE, NIOS, മറ്റ് സ്റ്റേറ്റ് ബോർഡുകൾ, 2009 ന് മുമ്പ് SSLC പരീക്ഷയിൽ ഉപരിപഠന യോഗ്യത നേടിയവർ) Others എന്ന ലിങ്കിലൂടെയുമാണ് രജിസ്ട്രേഷൻ നടത്തേണ്ടത്. ഓൺലൈൻ രജിസ്ട്രേഷൻ Instructions വ്യക്തമായി മനസ്സിലാക്കിയശേഷം മാത്രം I Agree എന്ന ബട്ടൻ Click ചെയ്യുക. വിശദവിവരങ്ങൾക്ക് സ്കോൾ-കേരള വെബ്സൈറ്റിലെ 2024-25 അധ്യയനവർഷത്തെ കൈപ്പുസ്തകം കാണുക.
- മുൻ വർഷങ്ങളിൽ ഹയർസെക്കൻഡറിയോ മറ്റ് തത്തുല്യ കോഴ്സുകളോ പഠിക്കുകയും ഇടയ്ക്ക് വച്ച് പഠനം നിർത്തുകയും ചെയ്ത വിദ്യാർഥികൾ മുൻ രജിസ്ട്രേഷൻ ക്യാൻസൽ ചെയ്തശേഷം മാത്രമേ പുതിയ രജിസ്ട്രേഷൻ നടത്താൻ പാടുള്ളു. ഈ വിഭാഗം വിദ്യാർഥികൾ അതത് പരീക്ഷ ബോർഡുകൾ അനുവദിക്കുന്ന അസൽ ക്യാൻസലേഷൻ മെമ്മോ സഹിതമാണ് അപേക്ഷ സമർപ്പിക്കേണ്ടത്.
- ഓൺലൈൻ മോഡിൽ (ഇന്റർനെറ്റ് ബാങ്കിംഗ്, ഡെബിറ്റ്/ക്രെഡിറ്റ് കാർഡ്, യു.പി.ഐ.) ഫീസ് അടയ്ക്കുന്നവർക്ക് ഒറ്റ ഘട്ടമായി രജിസ്ട്രേഷൻ പൂർത്തിയാക്കാവുന്നതാണ്. ഓഫ്‌ലൈൻ മോഡിൽ (പോസ്റ്റ് ഓഫീസ് മുഖേന) ഫീസ് അടയ്ക്കുന്നവർ രജിസ്ട്രേഷൻ രണ്ട് ഘട്ടമായിട്ടാണ് നടത്തേണ്ടത്. വിദ്യാർഥിയുടെ വ്യക്തിഗത വിവരങ്ങൾ Enter ചെയ്ത് ചെലാൻ ജനറേറ്റ് ചെയ്ത് പ്രിന്റ് എടുക്കുന്നതുവരെയാണ് ഒന്നാം ഘട്ടം. ബാർകോഡ് സഹിതം ജനറേറ്റ് ചെയ്ത ചെലാൻ ഉപയോഗിച്ച് സംസ്ഥാനത്തെ ഏതെങ്കിലുമൊരു പോസ്റ്റ്ഓഫീസിൽ ഫീസ് ഒടുക്കിയശേഷം, ഫീസ് അടച്ച തീയതി, പോസ്റ്റ് ഓഫീസിന്റെ പേര്, പോസ്റ്റ് ഓഫീസിൽ നിന്നും ലഭിക്കുന്ന ഇൻവോയിസിലെ 19 അക്ക ഇൻവോയിസ് നമ്പർ ഇവ രേഖപ്പെടുത്തിയശേഷം അപേക്ഷ Confirm ചെയ്ത് പ്രിന്റ് എടുക്കുന്നതുവരെ രണ്ടാം ഘട്ടം.
- രജിസ്ട്രേഷൻ ആവശ്യത്തിന് upload ചെയ്യേണ്ട ഫോട്ടോ jpg/jpeg ഫോർമാറ്റിൽ ഉള്ളതും 20 KB (200 px × 200 px) യിൽ കുറയാനും 64 KB യിൽ കൂടാൻ പാടില്ലാത്തതും **വിദ്യാർഥികൾ ആറുമാസത്തിനുള്ളിൽ എടുത്ത പാസ്പോർട്ട് സൈസ് ഫോട്ടോയുമായിരിക്കണം.** രജിസ്ട്രേഷൻ പൂർത്തിയാക്കി ഡൗൺലോഡ് ചെയ്ത് എടുക്കുന്ന അപേക്ഷാഫാറത്തിലെ ഫോട്ടോഗ്രാഫ് ഗസറ്റഡ് ഓഫീസറെക്കൊണ്ട് സാക്ഷ്യപ്പെടുത്തി, ഡെസിഗ്നേഷൻ സീൽ, ഓഫീസ് സീൽ ഇവ പതിക്കേണ്ടതാണ്.
- Others എന്ന ലിങ്കിലൂടെ രജിസ്റ്റർ ചെയ്യുന്ന വിദ്യാർഥികളുടെ വ്യക്തിഗത വിവരങ്ങൾ (പേര്, ജനന തീയതി, മാതാവ്, പിതാവ്, ജാതി, മതം തുടങ്ങിയവ) യോഗ്യത സർട്ടിഫിക്കറ്റ്/ടി.സി.-യിൽ ഉൾപ്പെടുത്തിയിട്ടുള്ളതുപോലെ രേഖപ്പെടുത്തേണ്ടതാണ്.
- 01, 05, 09, 10, 36, 39 എന്നീ സബ്ജക്ട് കോമ്പിനേഷനുകൾ തെരഞ്ഞെടുക്കുന്ന വിദ്യാർഥികൾക്ക് കോഴ്സ് കാലാവധി കഴിഞ്ഞ് അക്കൗണ്ട് മുഖേന കോഷൻഡെപ്പോസിറ്റ് തിരികെ നൽകുന്നതിനായി വിദ്യാർഥി/മാതാവ്/പിതാവിന്റെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ (അക്കൗണ്ട് ഉടമയുടെ പേര്, ബാങ്കിന്റെ പേര്, അക്കൗണ്ട് നമ്പർ, IFSC കോഡ്) അപേക്ഷയിൽ രേഖപ്പെടുത്തേണ്ടതും, ഈ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള പാസ്സ്ബുക്ക് പേജിന്റെ പകർപ്പ് മുൻകൂർ രസീതിന്റെ പ്രിന്റ് ഔട്ട് എന്നിവ അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതുമാണ്.
- സ്കോൾ-കേരള രജിസ്ട്രേഷൻ, സമ്പർക്ക ക്ലാസ്സുകൾ, പരീക്ഷ തുടങ്ങി വിദ്യാർഥികൾക്കുള്ള വിവിധ അറിയിപ്പുകൾ മെസ്സേജ് അലർട്ട് വഴി അറിയിക്കുമെന്നതിനാൽ അപേക്ഷയിൽ വിദ്യാർഥി/രക്ഷകർത്താവിന്റെ മൊബൈൽ നമ്പറാണ് രേഖപ്പെടുത്തേണ്ടത്.
- വിഭിന്ന ശേഷി വിഭാഗത്തിൽ പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർഥികൾ പരിഗണന ലഭിക്കേണ്ട കാര്യം വ്യക്തമാക്കികൊണ്ട് അംഗീകൃത മെഡിക്കൽബോർഡ് അനുവദിച്ച സർട്ടിഫിക്കറ്റിന്റെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഹാജരാക്കേണ്ടതാണ്.
- സബ്ജക്ട് കോമ്പിനേഷൻ, സെക്കന്റ് ലാംഗ്വേജ് എന്നിവ ഓൺലൈൻ അപേക്ഷയിൽ രേഖപ്പെടുത്തിയത് പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്. പഠന/പരീക്ഷാകേന്ദ്രങ്ങൾ അനുവദിച്ച ശേഷം ഇവയിൽ മാറ്റം അനുവദിക്കുന്നതല്ല.
- പഠന/പരീക്ഷാകേന്ദ്രങ്ങളുടെ പേര്, സ്ഥലം എന്നിവ വ്യക്തമായി മനസിലാക്കിയ ശേഷം ഓപ്പൺ റഗുലർ വിദ്യാർഥികൾ മുൻഗണനാക്രമത്തിൽ മൂന്ന് പഠന കേന്ദ്രങ്ങളും പ്രൈവറ്റ് രജിസ്ട്രേഷൻ വിദ്യാർഥികൾ പത്ത് പരീക്ഷാകേന്ദ്രങ്ങളും തെരഞ്ഞെടുക്കേണ്ടതാണ്.
- ഓൺലൈൻ അപേക്ഷയിൽ അസംബ്ലി നിയോജക മണ്ഡലം, താലൂക്ക്, ബ്ലോക്ക് എന്നിവ നിലവിലെ താമസ സ്ഥലത്തെ അടിസ്ഥാനമാക്കി രേഖപ്പെടുത്തേണ്ടതാണ്.
- ഓൺലൈൻ മോഡിൽ ഫീസൊടുക്കുന്നവർ ഓൺലൈൻ പേയ്മെന്റ് രസീത് ലഭിച്ചതിനുശേഷവും, ഓഫ്‌ലൈൻ മോഡിൽ ഫീസ് ഒടുക്കുന്നവർ ഫീസ് അടച്ച ചെലാനിലെ വിവരങ്ങൾ രേഖപ്പെടുത്തിയ ശേഷവും, അപേക്ഷ Confirm ചെയ്തെങ്കിൽ മാത്രമേ അപേക്ഷയുടെ പ്രിന്റ് ഔട്ട് ലഭ്യമാവുകയുള്ളു. ഇപ്രകാരമുള്ള പ്രിന്റൗട്ടിനൊപ്പം ലഭിക്കുന്ന Username, Passward ഇവ നിർബന്ധമായും വിദ്യാർഥി സൂക്ഷിക്കേണ്ടതാണ്.

**സ്കോൾ-കേരളയിൽ ഒരിക്കൽ അടച്ച ഫീസ് യാതൊരു കാരണവശാലും മടക്കി നൽകുന്നതല്ല**

- ഓഫ്ലൈൻ മോഡിൽ (പോസ്റ്റാഫീസ് മുഖേന) ഫീസടക്കുന്നവർ രജിസ്ട്രേഷൻ സമയത്ത് ജനറേറ്റ് ചെയ്ത് ലഭിക്കുന്ന ബാർകോഡ് സഹിതമുള്ള ചെലാനിൽ മാത്രം ഫീസ് ഒടുക്കുക. ഓൺലൈൻ മോഡിൽ ഫീസടക്കുന്നവർ ഓൺലൈൻ ട്രാൻസാക്ഷൻ ഐ.ഡി. രേഖപ്പെടുത്തിയ രസീതിന്റെ അസൽ പ്രിന്റൗട്ട് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. ട്രഷറി, ബാങ്കുകൾ മുഖേനെ ഫീസടച്ച ചെലാനുകൾ, ഡിമാന്റ് ഡ്രാഫ്റ്റ്, മണിഓർഡർ ഇവ മുഖേന ഫീസടച്ചാൽ സ്വീകരിക്കുന്നതല്ല. ഫീസ് അടച്ചതിന്റെ ചെലാൻ രസീതിന്റെ സ്റ്റുഡന്റ് കോപ്പി വിദ്യാർഥി കൈവശം സൂക്ഷിക്കേണ്ടതാണ്.
- ലക്ഷദ്വീപ് മേഖലയിലെ വിദ്യാർഥികൾക്കും പോസ്റ്റ്ഓഫീസ് മുഖേനെ ഫീസ് അടയ്ക്കാൻ സൗകര്യം ഉള്ളതിനാൽ ഓഫ്ലൈൻ മോഡിൽ പോസ്റ്റ് ഓഫീസ് മുഖേനെയും ഫീസ് ഒടുക്കാവുന്നതാണ്.
- ഓൺലൈനായി രജിസ്റ്റർ ചെയ്തശേഷം അപേക്ഷാഫാറം ഡൗൺലോഡ് ചെയ്ത്, ഒരു പേപ്പറിന്റെ ഇരുവശങ്ങളിലുമായി പ്രിന്റ്ഔട്ട് എടുത്ത്, ഓൺലൈൻ അപേക്ഷയുടെ പ്രിന്റ്ഔട്ടിലെ ഡിക്ലറേഷൻ പൂരിപ്പിച്ച് നിർദ്ദിഷ്ട ഭാഗങ്ങളിൽ ഒപ്പ് രേഖപ്പെടുത്തി, അതിനോടൊപ്പം നിർദ്ദിഷ്ടരേഖകൾ സഹിതം അപേക്ഷ സമർപ്പിക്കേണ്ടതാണ്.

**ഓൺലെയിൻ രജിസ്ട്രേഷൻ പൂർത്തിയാക്കി രണ്ട് ദിവസത്തിനകം നിർദ്ദിഷ്ട രേഖകൾ സഹിതമുള്ള അപേക്ഷ ജില്ലാ ഓഫീസുകളിൽ നേരിട്ടും സ്പീഡ്/രജിസ്റ്റേർഡ് തപാൽ മാർഗ്ഗം സ്വീകരിക്കുന്നതാണ്. നേരിട്ട് ലഭിക്കുന്ന അപേക്ഷയ്ക്ക് കൈപ്പറ്റ് രസീത് ലഭിക്കുന്നതാണ്.സംസ്ഥാന ഓഫീസിൽ അപേക്ഷകൾ സ്വീകരിക്കുന്നതല്ല.**

- പ്രവേശനം സംബന്ധമായ അന്വേഷണങ്ങൾക്കും സംശയ നിവാരണത്തിനുമായി സംസ്ഥാന/ജില്ലാ ഓഫീസുകളിലെ ഫോൺ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്. (ജില്ലാ ഓഫീസുകളുടെ മേൽവിലാസം, ഫോൺ നമ്പറുകൾ എന്നിവയ്ക്ക് കൈപ്പുസ്തകം, അനുബന്ധം - 4 കാണുക) സംസ്ഥാന ഓഫീസ് ഫോൺ നമ്പറുകൾ 0471 - 2342950, 2342271, 2342369

- ഓരോ പഠന/പരീക്ഷകേന്ദ്രത്തിലും അലോട്ട് ചെയ്യുന്നതിനായി പ്രിൻസിപ്പാൾമാർ ലഭ്യമാക്കിയിട്ടുള്ള അനുവദനീയമായിട്ടുള്ള വിദ്യാർത്ഥികളുടെ എണ്ണം (കപ്പാസിറ്റി) പൂർത്തിയായാൽ പ്രസ്തുത പഠന/പരീക്ഷകേന്ദ്രം വിദ്യാർത്ഥികൾക്ക് തെരഞ്ഞെടുക്കുന്നതിനുള്ള സ്കൂൾ ലിസ്റ്റിൽ നിന്നും ഒഴിവാകുന്നതാണ്.
- സംസ്ഥാന/ജില്ലാ ഓഫീസുകളിൽ അപേക്ഷ ലഭിക്കുന്ന തീയതി അടിസ്ഥാനമാക്കി മുൻഗണനാക്രമത്തിലാണ് പഠന/പരീക്ഷ കേന്ദ്രങ്ങൾ അനുവദിക്കുന്നത്.
- തെരഞ്ഞെടുത്ത സ്കൂളുകളിൽ വിദ്യാർഥികളെ ഉൾക്കൊള്ളാനുള്ള സൗകര്യം പരിഗണിച്ചാണ് പഠന/പരീക്ഷാകേന്ദ്രങ്ങൾ അനുവദിക്കുക. ഇതിന്റെ അന്തിമ തീരുമാനം സ്കോൾ കേരളയിൽ നിക്ഷിപ്തമാണ്.

| | | |
|---|---|---|
| ഫീസ് അടച്ച് ഓൺലൈൻ രജിസ്ട്രേഷൻ തുടങ്ങുന്നതീയതി | - | 15.07.2024 |
| പിഴകൂടാതെ ഓൺലൈനായി രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി | - | 31.07.2024 |
| 60/- രൂപ പിഴയോട് കൂടി ഓൺലൈനായി രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി | - | 16.08.2024 |

## അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ

- SSLC 2009 ONWARDS എന്ന ലിങ്ക് വഴി രജിസ്റ്റർ ചെയ്ത വിദ്യാർഥികൾ എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ ഒരു പകർപ്പ് ഹാജരാക്കണം.
- Others എന്ന ലിങ്ക് വഴി രജിസ്റ്റർ ചെയ്ത എല്ലാ വിഭാഗം വിദ്യാർഥികളുടെയും അസൽ യോഗ്യതാ സർട്ടിഫിക്കറ്റും, ആയതിന്റെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ ഒരു പകർപ്പും ഹാജരാക്കണം.
- ഓൺലെയിൻ മോഡിൽ (ഇന്റർനെറ്റ് ബാങ്കിംഗ്, ഡെബിറ്റ്/ക്രഡിറ്റ് കാർഡ്, യു.പി.ഐ.) ഫീസടച്ചവർ ഓൺലെയിൻ ട്രാൻസാക്ഷൻ ഐ.ഡി. രേഖപ്പെടുത്തിയ രസീതിന്റെ പ്രിന്റൗട്ട് ഹാജരാക്കണം.
- പോസ്റ്റ് ഓഫീസ് (ഓഫ് ലൈൻ) മുഖേന സ്കോൾ-കേരള ചെലാനിൽ (ചെലാൻ നമ്പർ, ബാർകോഡ് സഹിതമുള്ളത്) നിശ്ചിത രജിസ്ട്രേഷൻഫീസ് ഒടുക്കിയവർ അസൽ ചെലാനും, ഫീസടച്ചശേഷം പോസ്റ്റ് ഓഫീസിൽ നിന്നും ലഭിക്കുന്ന ഇൻവോയിസും ഹാജരാക്കണം.
- അസൽ ട്രാൻസ്ഫർ സർട്ടിഫിക്കറ്റ് (ടി.സി.) ഹാജരാക്കണം.
- **NIOS,** മറ്റ് സംസ്ഥാനങ്ങളിൽ നിന്നും, രാജ്യങ്ങളിൽ നിന്നും എസ്.എസ്.എൽ.സി. ക്ക് തത്തുല്യ യോഗ്യത നേടിയവർ സ്റ്റേറ്റ് ബോർഡ് ഓഫ് പബ്ലിക് എക്സാമിനേഷൻ കേരള അനുവദിക്കുന്ന ഇക്വലൻസി സർട്ടിഫിക്കറ്റ് ഹാജരാക്കണം.

- Private Over aged ആയ വിദ്യാർഥികൾ അവസാനം പഠിച്ച സ്കൂളിൽ നിന്നും 50/- രൂപയിൽ കുറയാത്ത തുകയ്ക്കുള്ള മുദ്രപത്രത്തിൽ അഡ്മിഷൻ രജിസ്റ്ററിന്റെ അസൽ പകർപ്പ് ഹാജരാക്കണം.
- മുൻ വർഷങ്ങളിൽ ഹയർസെക്കൻഡറി, വി.എച്ച്.എസ്.ഇ മറ്റ് തത്തുല്യ കോഴ്സുകളിൽ ചേർന്ന ശേഷം പഠനം മുടങ്ങിയവർ ബന്ധപ്പെട്ട പരീക്ഷബോർഡ് അനുവദിക്കുന്ന അസൽ ക്യാൻസലേഷൻ മെമ്മോ ഹാജരാക്കണം.
- CBSE, ICSE, NIOS തുടങ്ങി മറ്റ് ബോർഡുകൾ മുഖേന സംസ്ഥാനത്തിന്, രാജ്യത്തിന് പുറത്ത് നിന്നും സെക്കൻഡറി തലത്തിൽ നിർദ്ദിഷ്ട യോഗ്യത നേടിയവർ അസൽ മൈഗ്രേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കണം.
- **01, 05, 09, 10, 36, 39 എന്നീ സബ്ജക്ട് കോമ്പിനേഷനുകൾ** തെരഞ്ഞെടുക്കുന്ന വിദ്യാർഥികൾക്ക് കോഴ്സ് കാലാവധി കഴിഞ്ഞ് അക്കൗണ്ട് മുഖേന കോഷൻഡെപ്പോസിറ്റ് തിരികെ നൽകുന്നതിനായി വിദ്യാർഥി/മാതാവ്/പിതാവിന്റെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ (അക്കൗണ്ട് ഉടമയുടെ പേര്, ബാങ്കിന്റെ പേര്, അക്കൗണ്ട് നമ്പർ, IFSC കോഡ്) അപേക്ഷയിൽ രേഖപ്പെടുത്തേണ്ടതും, ഈ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള പാസ്സ്ബുക്ക് പേജിന്റെ പകർപ്പ് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതുമാണ്.
- **കോഷൻ ഡെപ്പോസിറ്റ് തിരികെ ലഭിക്കേണ്ട വിദ്യാർത്ഥികൾ ഓൺലൈൻ അപേക്ഷയോടൊപ്പം മുൻകൂർ രസീതിന്റെ പ്രിന്റ് ഔട്ട് സമർപ്പിക്കേണ്ടതാണ്.**
- വിദ്യാർഥിയുടെ പത്താംതരം യോഗ്യത സർട്ടിഫിക്കറ്റിൽ മാതാപിതാക്കളുടെ പേര് രേഖപ്പെടുത്തിയിട്ടില്ലെങ്കിൽ ആയത് രേഖപ്പെടുത്തുന്നതിനും മാതാപിതാക്കളുടെ പേര് ഒത്തുനോക്കി പരിശോധിക്കുന്നതിനുമായി മാതാവിന്റെയും പിതാവിന്റെയും തെരഞ്ഞെടുപ്പ് കമ്മീഷൻ തിരിച്ചറിയൽ രേഖ/ആധാർ കാർഡിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ ഒരു പകർപ്പ് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.
- സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ള വിദ്യാർത്ഥികൾ ആയത് തെളിയിക്കുന്നതിന് വിദ്യാർത്ഥിയുടെ പേര് ഉൾപ്പെട്ട ബി.പി.എൽ റേഷൻ കാർഡിന്റെ പകർപ്പും വിദ്യാർത്ഥിയുടെ/രക്ഷിതാവിന്റെ ബാങ്ക് പാസ് ബുക്കിന്റെ പകർപ്പും ഹാജരാക്കണം.

STATE COUNCIL FOR OPEN AND LIFELONG EDUCATION KERALA
Vidhya Bhavan
Poojappura
Thiruvananthapurm
695012
SCOLE-KERALA

**എക്സിക്യൂട്ടീവ് ഡയറക്ടർ**
**ഇൻ-ചാർജ്ജ്**